**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 815** **14-01-2021 - ൽ മറുപടിയ്ക്ക്**

**ആനക്കയം ട്രൈബല്‍ കോളനി നിവാസികളുടെ അടിയന്തിര പുനഃരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവര്‍ഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാര്‍ലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | രണ്ട് വര്‍ഷക്കാലമായി ഉരുള്‍പൊട്ടല്‍ ഭീഷണിയെ തുടര്‍ന്ന് കോളനി വിട്ടുപോവുകയും സമീപത്തെ പാറപ്പുറത്ത് കുടില്‍കെട്ടി താമസിച്ചു വരികയും ചെയ്യുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം ട്രൈബല്‍ കോളനി നിവാസികളുടെ അടിയന്തര പുനരധിവാസത്തിനും അവര്‍ക്ക് ഭൂമിയും വീടും നല്‍കുന്നതിനും ആവശ്യമായ നടപടികള്‍ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | 2018-ലെ കാലവര്‍ഷക്കെടുതിയില്‍ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആനക്കയം പട്ടികവര്‍ഗ്ഗ കോളനിയുടെ സമീപമുണ്ടായ ഉരുള്‍പൊട്ടലിനെ തുടര്‍ന്ന് പ്രസ്തുത സങ്കേതത്തിലെ നിവാസികള്‍ തങ്ങളുടെ വീടുകള്‍ ഉപേക്ഷിച്ച് വനത്തില്‍ താമസിക്കുന്ന സാഹചര്യമുണ്ടായിരുന്നു. ഇതിനെ തുടര്‍ന്ന് കോളനി നിവാസികളെ ഷോളയാര്‍ പവര്‍ ഹൗസിന് സമീപമുള്ള കെ.എസ്.ഇ.ബി ക്വാര്‍ട്ടേഴ്സുകളില്‍ താത്കാലികമായി താമസിപ്പിച്ചിരുന്നു. എന്നാല്‍ ഇവര്‍ക്ക് ഭൂമി ലഭിക്കുന്നതിനുള്ള നടപടി വൈകുന്നു എന്ന കാരണത്താല്‍ വീണ്ടും ആനക്കയം പരിസരത്തുള്ള വനത്തില്‍ കുടില്‍ കെട്ടി താമസിക്കുകയുണ്ടായി. ഇക്കാര്യം പരിഗണിച്ച് ജില്ലാ കളക്ടറുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം ആനക്കയം ഫോറസ്റ്റ് സ്റ്റേഷനില്‍ വച്ച് ചേരുകയുണ്ടായി. ടി യോഗത്തില്‍ തവളക്കുഴിപ്പാറ പട്ടികവര്‍ഗ്ഗ സങ്കേതത്തില്‍ പോകുന്ന വഴിയില്‍ തങ്ങള്‍ക്ക് സ്ഥലം അനുവദിക്കണമെന്നും പ്രസ്തുത സ്ഥലം തങ്ങള്‍ക്ക് ഇഷ്ടമാണെന്നും അറിയിച്ച സാഹചര്യത്തില്‍ ആനക്കയം കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടികള്‍ ആരംഭിച്ചിട്ടുണ്ട്. ഇതിനായി തവളക്കുഴിപ്പാറ കോളനയില്‍ പോകുന്ന വഴിയില്‍ കോളനിക്കാര്‍ തന്നെ സ്ഥലം കണ്ടെത്തുകയും സ്ഥലം ഇവര്‍ക്ക് അനുവദിച്ച് നല്‍കുന്നതിന് വാഴച്ചാല്‍ ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസര്‍ക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള വെബ് സൈറ്റ് മുഖേന പ്രൊപ്പോസല്‍ സമര്‍പ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡി.എഫ്. ഒ ആവശ്യപ്പെട്ടതനുസരിച്ച് കോളനിക്കാരുടെ ഭൂമി വനം വകുപ്പിന് സറണ്ടര്‍ ചെയ്യുന്നതിന് തുല്യ അളവില്‍ |

| | | | |
|---|---|---|---|
| | | | മാത്രം ഭൂമി ലഭ്യമാക്കുന്നതിന് സമ്മതപത്രം വാങ്ങി നൽകിയിട്ടുണ്ട്. |
| (ബി) | ആനക്കയം ട്രൈബൽ കോളനി വികസനത്തിനായി നേരത്തെ അനുവദിച്ച 1 കോടി രൂപയിൽ ബാക്കിയുള്ള സംഖ്യ ഇതിനായി പ്രത്യേകമായി അനുവദിക്കുന്നതിനും ആനക്കയം കോളനി നിവാസികളുടെ പുനരധിവാസം യാഥാർത്ഥ്യമാക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ? | (ബി) | ആനക്കയം കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി അനുവദിച്ച തുക ടി കോളനിയിലെ പുനരധിവാസത്തിന് വിനിയോഗിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ടി കോളനിയിലെ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ